LIBRARY ARCHIVES Kerala Legislative Assembly

ഫയർ ഫോഴ്സ് ആക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

291 (301) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഗ്നിശമനസേനയെ പോലീസ് സേനയിൽനിന്നും വേർപെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) 1962-ലെ ഫയർഫോഴ്സ് ആക്ടിന്റെ ഉദ്ദ്യേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) പ്രസ്തുത ആക്ടിനെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) ചട്ടങ്ങൾ നിലവിൽ വരാത്തത് കാരണം അഗ്നിശമനസേന ആഭ്യന്തര വകുപ്പിൽ ഒരു രണ്ടാം സേനയായി കണക്കാക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ചട്ടങ്ങൾ അടിയന്തരമായി പുറപ്പെടുവിപ്പിച്ച് അഗ്നിശമനസേനയുടെ നിലവിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അഗ്നിശമനസേന പോലീസ് വകുപ്പിൽനിന്നും വേർപെട്ട് പ്രത്യേക വകുപ്പായിട്ടാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ജീവനക്കാരുടെ നിയമനം, പരിശീലനം, ചുമതലകൾ, അഗ്നിപ്രതിരോധ ഉപകരണങ്ങളുടെ പരിപാലനം എന്നിവ കൃത്യമായി നിർവ്വഹിക്കുന്നതിനും വേണ്ടിയാണ് 1962-ലെ ഫയർ ഫോഴ്സ് ആക്ട് നിലവിൽവന്നത്.

(സി-ഇ) 1962-ലെ ഫയർ ഫോഴ്സ് ആക്ടിന് തുടർച്ചയായി നിരവധി സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത റൂളുകൾ എല്ലാം ക്രോഡീകരിച്ച് തയ്യാറാക്കിയ 'കേരള ഫയർ ഫോഴ്സ് സ്പെഷ്യൽ റൂൾസ്-2011', ഫയർ ഫോഴ്സ് ആക്ട് സഹിതം, ബഹുമാനപ്പെട്ട വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ, നിലവിലെ ഫയർ ഫോഴ്സ് ആക്ട് ഏറെ പഴക്കം ചെന്നതും ആധുനിക കാലത്തെ ആവശ്യങ്ങളുമായി പൊരുത്തപ്പെടാത്തവിധം മാറിക്കഴിഞ്ഞതിനാൽ ഫയർ ഫോഴ്സിന്റെ പ്രവർത്തനത്തിൽ ഉണ്ടാകുന്ന നിയമപരമായ ന്യൂനതകൾ പരിഹരിക്കുന്നതിനായി

പഴയ ആക്ടിന്മേൽ റൂൾ ഉണ്ടാക്കുന്നതിനെക്കാൾ അഭികാമ്യം കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ നിയമം കൊണ്ടുവരേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു. മേൽ നിർദ്ദേശപ്രകാരം അഗ്നിശമനസേനയുമായി ബന്ധപ്പെട്ട് "കേരള അഗ്നിപ്രതിരോധവും ജീവൻ സുരക്ഷാ നടപടികളും" എന്ന പേരിൽ ഒരു പുതിയ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ

292 (302) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ.(ഉദുമ) :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഏറ്റവും ഒടുവിൽ സർക്കാർ നടത്തിയ അവലോകനം സംബന്ധിച്ച് വിശദമാക്കുമോ ;

(ബി) സർക്കാർ വിരുദ്ധ നടപടികൾ കൈക്കൊണ്ടു എന്ന പേരിൽ ഫയർഫോഴ്സ് മേധാവി സ്ഥാനത്തുനിന്ന് ഡി.ജി.പി. ജേക്കബ് തോമസിനെ മാറ്റുകയുണ്ടായോ ;

(സി) ഫയർഫോഴ്സ് മേധാവിയായിരിക്കെ ഡി.ജി.പി. ജേക്കബ് തോമസ് സർക്കാർ വിരുദ്ധ പ്രവർത്തനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദമാക്കുമോ ;

(ഡി) ബഹുനില ഫ്ളാറ്റ് നിർമ്മാണങ്ങൾക്ക് ഫയർ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഫ്ലാറ്റ് നിർമ്മാണ കമ്പനികൾ സർക്കാരിന് നൽകിയ പരാതി എന്തായിരുന്നു ; ഇക്കാര്യത്തിൽ ഡയറക്ടറുടെ നിലപാട് എന്തായിരുന്നു; സർക്കാർ തീരുമാനം വിശദമാക്കുമോ ?

ഉത്തരം

(എ) അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ നിരന്തരമായി വിലയിരുത്തി വരുന്നതാണ്. 16-11-2015-ൽ ബഹു.ആഭ്യന്തരമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി. 2015-16 വർഷത്തെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ടുകൾ വിനിയോഗിച്ച് അടിയന്തര നടപടി സ്വീകരിക്കുവാനും വകുപ്പിലെ ജീവനക്കാർക്ക് ശബരിമല ഡ്യൂട്ടി ചെയ്യാനുള്ള യാത്രബത്ത അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ഏരിയൽ ലാഡർ പ്ലാറ്റ് ഫാം/റ്റേൺ ടേബിൾ ലാഡർ വാങ്ങാനുള്ള നടപടികൾ ത്വരിതപ്പെടു

LIBRARY ARCHIVES Kerala Legislative Assembly